Page 1 of 1

Mission"ന്റെ പ്രവർത്തനം തൃപ്തികരമല്ല. അടിയന്തരമായി ഉടച്ചുവാർത്ത് അതിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തും.

113. കർഷകർക്ക് സബ്സിഡിയും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി മേഖലാടിസ്ഥാനത്തിൽ കാർഷിക നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതാണ്. യുവാക്കൾക്ക് കാർഷിക ചെറുകിട യന്ത്രങ്ങളുടെ ഉപയോഗം സംബന്ധിച്ചും പുതിയ കൃഷി സമ്പ്രദായങ്ങളെ സംബന്ധിച്ചും പരിശീലനം നൽകും.

114. കുട്ടനാട് പാക്കേജിന് കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കും.

115. വിലയിടിവ്മൂലം ദുരിതമനുഭവിക്കുന്ന കാസർഗോഡ് ജില്ലയിലെ കവുങ്ങ് കർഷകരെ സഹായിക്കാനായി പ്രത്യേക പാക്കേജ് നടപ്പാക്കും. കാസർഗോഡ് അടയ്ക്ക, കശുവണ്ടി പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ കൃഷി ശാസ്ത്രത്തിൽ ഡിപ്ലോമാ കോഴ്സ് ആരംഭിക്കുന്നതാണ്.

## മൃഗസംരക്ഷണം

116. ഭക്ഷ്യസുരക്ഷയ്ക്ക് വളരെ ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ സത്വര നടപടി കൈക്കൊള്ളും.

117. പാൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കും.

118. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ നവീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കും.

119. കേന്ദ്ര സർക്കാർ സഹായത്തോടെ പത്ത് കോടി രൂപയുടെ സംയോജിത കന്നുകാലി വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 73 ഡയറി ബ്ലോക്കുകളിൽ നടപ്പാക്കും.

120 മുഴുവൻ കന്നുകാലികൾക്കും രോഗപ്രതിരോധ കുത്തിവയ്പ്പുകൾ നൽകി കേരളത്തെ കാലിരോഗ നിയന്ത്രിതമാക്കും.

## മത്സ്യ ബന്ധനം

121. സംസ്ഥാനത്തിന്റെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കും.

122. തീരപ്രദേശത്ത് സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ ത്വരിതപ്പെടുത്തും.

LIBRARY ARCHIVES Kerala Legislative Assembly